**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2840

13.03.2020 ൽ
മറുപടിയ്ക്ക്

**ലാന്റ് ട്രൈബ്യൂണലുകളിൽ തീരുമാനമാകാതെക്കിടക്കുന്ന കേസുകൾ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.എം.ഉമ്മർ | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളിൽ, ദേവസ്വം ലാന്റ് ട്രൈബ്യൂണലുകൾ, സ്പെഷ്യൽ ലാന്റ് ട്രൈബ്യൂണലുകൾ എന്നിവിടങ്ങളിലായി 128317 കേസുകൾ തീർപ്പാക്കാനുണ്ട്. |
| (ബി) പ്രസ്തുത കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ലാന്റ് ട്രൈബ്യൂണലുകളിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.<br>2) അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.<br>3) ലാൻഡ് ട്രൈബ്യൂണൽ ജിവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. |

4) 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5) ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസുകൾ 500 ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാതു ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസിൽതാർമാർക്കും എൽ.റ്റി.യുടെ ചുമതല നൽകി വീതിച്ചു നൽകുകയുണ്ടായി.

7) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത്, കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചു.

8) കേരള സർവ്വീസ് ഇനാം (V & E) ആക്ട് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31.12.2023 വരെയായി ദീർഘിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർവീസ് ഇനാം ഭൂമിയുടെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ഭൂരേഖ തഹസിൽദാർമാർ നടപടി സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കേസുകൾ തീർപ്പാക്കിയെന്നറിയിക്കാമോ; വിശദമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 27.02.2020 വരെ 137285 കേസുകൾ തീർപ്പാക്കുകയും ആയതിൽ നിയമാനുസൃതം അർഹതയുള്ള 68169 ആളുകൾക്ക് ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്നും ക്രയസർട്ടിഫിക്കറ്റ് (പട്ടയം) നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ